LIBRARY ARCHIVES Kerala Legislative Assembly

സഹായം നൽകുന്ന സർക്കാർ അംഗീകരിച്ച സ്കീമുകളിൽപ്പെടുന്ന നിർമ്മാണങ്ങൾക്കുള്ള ലഘൂകൃത വ്യവസ്ഥകൾ, 2010 ജൂൺ 21-ാം തീയതിയിലെ ഭേദഗതികൾ പ്രകാരം 60 ച. മീറ്റർ വരെ തറ വിസ്തൃതിയുള്ള വീടുകൾക്കു വരെ ബാധകമാക്കി ഉയർത്തിയിട്ടുണ്ട്. ഇത്തരം വീടുകൾക്ക് പെർമിറ്റ് ഫീസ് ഈടാക്കേണ്ടതില്ലെന്നും ഉത്തരവായിട്ടുണ്ട്. ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകളും ചെറിയ വാസഗൃഹങ്ങളും നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കിയിട്ടുണ്ട്. ഭവന നിർമ്മാണ സ്കീം പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് കാലതാമസം ഒഴിവാക്കേണ്ടതാണെന്നും 60 ച. മീറ്ററിൽ താഴെ പ്ലിന്ത് ഏരിയയുള്ള വീട് നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ കൈവശാവകാശ രേഖയുണ്ടെങ്കിൽ നിർമ്മാണാനുമതി നൽകാമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നടത്തുന്ന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ മൂപ്പർ/കാണി പഞ്ചായത്തിനെ അറിയിക്കേണ്ടതാണെന്നും അതു സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറിമാർ ശേഖരിച്ച് രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 60 ച.മീറ്റർ വരെ പ്ലിന്ത് ഏരിയയുള്ള എല്ലാ വിഭാഗത്തിലുമുള്ള വീടുകൾക്ക് ലൈസൻസ്ഡ് എഞ്ചിനീയർ/സൂപ്പർവൈസർ തയ്യാറാക്കുന്ന പ്ലാനുകൾ സമർപ്പിക്കേണ്ടതില്ല. പകരം കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചുകൊണ്ടുള്ള സ്കെച്ച് സമർപ്പിച്ചാൽ മതിയാകും. സർക്കാരിന്റെ ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുന്ന ബിൽഡിംഗ് പെർമിറ്റ് ഗുണഭോക്താക്കളെ ഒന്നിച്ച് ചേർത്ത് പെർമിറ്റ് നേരിട്ട് നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ വ്യത്യസ്ത റോഡുകളുടെ കാര്യത്തിൽ പാലിക്കേണ്ട ദൂരപരിധി

160 (4784) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡരുകിൽ വീടുകളും, കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ വ്യത്യസ്ത റോഡുകളുടെ കാര്യത്തിൽ പാലിക്കേണ്ട ദൂരപരിധി സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ദൂരപരിധി വ്യവസ്ഥ പാലിക്കാതെ നിർമ്മിച്ച വീടുകളുടെയും മറ്റു കെട്ടിടങ്ങളുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) അവയെ അനധികൃത നിർമ്മാണമായാണോ പരിഗണിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) അത്തരം നിർമ്മിതികൾക്ക് ഇളവനുവദിക്കാറുണ്ടോ ; എങ്കിൽ അതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

(ഇ) ഇളവനുവദിക്കാവുന്നവയ്ക്ക് നമ്പർ നൽകുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 എ വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 220 (ബി) വകുപ്പ് എന്നിവ പ്രകാരം ദേശീയ പാതയോടോ, സംസ്ഥാന പാതയോടൊ ജില്ലാ റോഡുകളോടൊ നോട്ടി ഫൈഡ് റോഡുകളോടോ ചേർന്ന് കിടക്കുന്ന ഭൂമിയിൽ, റോഡ് അതിരിൽ നിന്ന് കുറഞ്ഞത് 3 മീറ്റർ ദൂരപരിധി ചുറ്റുമതിലല്ലാത്ത നിർമ്മാണങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25, 26 എന്നിവയിൽ വിവിധ റോഡുകളിൽനിന്നും കെട്ടിടങ്ങൾക്ക് പൊതുവേ ഉണ്ടായിരിക്കേണ്ട കുറഞ്ഞ ദൂരപരിധി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വിവിധ വിനിയോഗങ്ങൾക്കും വിവിധ തരം നിർമ്മാണങ്ങൾക്കും നിഷ്ക്കർഷിച്ചിട്ടുള്ള സെറ്റ്ബാക്ക്/ദൂരപരിധി നിബന്ധനകളും നഗരാസൂത്രണ പദ്ധതികൾ ഉള്ളപക്ഷം അവയിലെ വ്യവസ്ഥകളും കെട്ടിട നിർമ്മാണങ്ങൾക്ക് പാലിച്ചിരിക്കേണ്ടതാണ്.

(ബി) ശേഖരിച്ചിട്ടില്ല.

(സി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും നഗരാസൂത്രണ പദ്ധതികളിലേയും ദൂരപരിധി വ്യവസ്ഥകൾ പാലിക്കാതെ നിർമ്മിച്ച വീടുകളും കെട്ടിടങ്ങളും അനധികൃത നിർമ്മാണങ്ങളായാണ് പരിഗണിക്കുന്നത്.

(ഡി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അംഗീകൃത നഗരാസൂത്രണ പദ്ധതികൾ എന്നിവയിലെ വ്യവസ്ഥകളിൽനിന്നും ഇളവ് അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥകളില്ല.

(ഇ) ബാധകമല്ല.

മേഴ്സി കോളേജിന് എതിർവശം കെട്ടിട നിർമ്മാണത്തിന് ശ്രമം നടത്തുന്നു എന്ന പരാതി

161 (4785) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരത്തിൽ മേഴ്സി കോളേജിന് എതിർവശം അയോദ്ധ്യ നഗർ കോളനിയിലെ ചിൽഡ്രൻസ് പാർക്ക് ഏരിയായിൽ ഒരു വ്യക്തി കെട്ടിട നിർമ്മാണത്തിന് ശ്രമം നടത്തുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly